പതിമൂന്നാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 1142 | 20/03/2012 ൽ മറുപടിയ്ക്ക്

## റീസർവ്വേ രേഖകൾ ഡിജിറ്റൈസ് ചെയ്യാനുള്ള നടപടി

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. എം. പി. വിൻസെന്റ്:<br>ശ്രീ. സണ്ണി ജോസഫ്:<br>ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി: | | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(റവന്യൂ വകുപ്പ് മന്ത്രി) |
| (എ) റീസർവ്വേ രേഖകൾ ഡിജിറ്റൈസ് ചെയ്ത് പൊതുജനങ്ങൾക്ക് നൽകുന്നതിന് നടപടി സ്വീകരിക്കുമോ; | (എ) | നടപടി സ്വീകരിച്ചുവരുന്നു. |
| (ബി) റീസർവ്വേ രജിസ്റ്ററിൽ മുൻകാല രേഖകളിലെ പൊതുവഴികൾ കെട്ടിയടച്ച് സർവ്വേ ഉദ്യോഗസ്ഥരെ തെറ്റിദ്ധരിപ്പിച്ച് വ്യക്തികൾ സ്വന്തമാക്കിയതു പരിശോധിച്ച് തിരുത്തുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) | റീസർവ്വെ സമയത്ത് മുൻ സർവ്വെ റിക്കാർഡിൽ ഉണ്ടായിരുന്ന പൊതുവഴികളും, വ്യക്തികളുടെ തണ്ടപ്പേരിൽ ഉണ്ടായിരുന്ന ഭൂമി പൊതുവഴിയായി മാറിയത്, പൊതുവഴി യായി തന്നെ നിലനിർത്തിയാണ് സർവ്വെ റിക്കാർഡുകൾ തയ്യാറാക്കി പരിപാലിച്ച് വരുന്നത്. ആയതിന് വിരുദ്ധമായ നടപടി ശ്രദ്ധയിൽപ്പെട്ടാൽ പരിശോധിച്ച് പൂർവ്വ സ്ഥിതിയിൽ നിലനിർത്തുന്നതാണ്. |
| (സി) തുടർന്നും ജനങ്ങളിൽ നിന്നും പരാതി സ്വീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | സ്വീകരിക്കും. റീസർവ്വേ റിക്കാർഡുകളിൽ നിന്നും വ്യത്യാസമായി എന്തെങ്കിലും തെറ്റുകൾ കടന്നു കൂടിയിട്ടുണ്ടെങ്കിൽ ആയത് തിരുത്തിക്കിട്ടുന്നതിന് വേണ്ടി മതിയായ രേഖകൾ സഹിതം ജനങ്ങൾക്ക് പരാതി നൽകുന്നതിനുള്ള സംവിധാനം ഇപ്പോൾ ബന്ധപ്പെട്ട താലൂക്ക് ആഫീസുകളിൽ നിലവിലുണ്ട്. |

സെക്ഷൻ ഓഫീസർ